**Shri T. A. Majid:** I move that the First Report of the Business Advisory Committee in 1970 be adopted.

The question that the First Report of the Business Advisory Committee in 1970 be adopted was put and carried.

The Report was adopted.

**First Report of the Estimates Committee**

(2) **Shri K. C. Vamadevan** (Chairman, Estimates Committee): Sir, I present the First Report of the Estimates Committee in 1970.

**Mr. Speaker:** The Report is presented.

## VI. DISCUSSION ON THE GOVERNOR'S ADDRESS

**Mr. Speaker:** Now Shri P. Ramunni Kurup may move his motion of thanks to the Governor.

**Shri P. Ramunni Kurup:** Sir, "I move that an address be presented to the Governor that the Members of the Kerala Legislative Assembly thank him for the Address delivered to the Members of the Legislative Assembly on the 9th January, 1970."

സർ, ഈ സംസ്ഥാനത്തിൽ പ്രസിഡൻറ് ഭരണം ഒഴിവാക്കിയതിനുശേഷം അധികാരത്തിൽവന്ന ഒരു ഗവൺമെൻറ് രണ്ടുകൊല്ലക്കാലത്തിലധികം ഭരണം നടത്തി വന്നതിനുശേഷം, ഏതൊരു ഉദ്ദേശത്തെ മുൻനിറുത്തിക്കൊണ്ട് കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിൽ കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ യോജിച്ചു നിന്നോ ആ ഉദ്ദേശത്തെ .. .. . ... .. ..

ശ്രീ. കെ. കരുണാകരൻ: സർ, സാധാരണ റസല്യൂഷൻ മൂവുചെയ്തിട്ട് അതിനെ സെക്കൻറു ചെയ്തു കഴിഞ്ഞാൽ ഉടനെ ഭേദഗതികൾ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

**Mr. Speaker:** Anybody seconding the Motion?

**Shri T. A. Majid:** I second it.

**Mr. Speaker:** Amendment No. 1 by Shri S. P. Luiz. He is not there***

ശ്രീമതി. കെ. ആർ. ഗൗരി: സാധാരണ മോഷൻ മൂവുചെയ്തു സംസാരിച്ചിട്ട് അമെൻറുമെൻറ് ഓരോരുത്തരും മൂവുചെയ്ത് സംസാരിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. കെ. കരുണാകരൻ: ഇവിടെയുള്ള പ്രാക്ടീസ് അങ്ങിനെയല്ല. റസല്യൂഷൻ മൂവുചെയ്ത് അതിനെ സെക്കൻഡു ചെയ്തു കഴിഞ്ഞാൽ ഉടനെ അതിന് കൊടുത്തിട്ടുള്ള അമെൻറുമെൻറുകൾ മൂവുചെയ്യുകയാണ് ചെയ്യുന്നത്. അതിനുശേഷം ഡിസ്കഷൻ നടക്കും.

ശ്രീമതി. കെ. ആർ. ഗൗരി: ഇതുവരെ നടന്നിട്ടുള്ളത് അങ്ങനെയല്ല. അമെൻറുമെൻറ് ഓരോരുത്തരും മൂവുചെയ്ത് സംസാരിക്കുകയാണ് ചെയ്യുന്നത്.

മി. സ്പീക്കർ: അമെൻറുമെൻറുകൾ ഭേദഗതികൾ അവതരിപ്പിച്ച് സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly